**വിക്ടേഴ്സ് ചാനലിൽ വന്ന മലയാളം ക്ലാസ്സുകളുടെ ഉള്ളടക്കവും തുടർ പ്രവർത്തനങ്ങളും**

**25 – 11 – 2020**

**കേരള പാഠാവലി-X**

**പ്രിയദർശനം – 03**

❤മുൻ ക്ലാസിൽ ചർച്ച ചെയ്ത പാഠഭാഗങ്ങളുടെ ആശയവും നൽകിയ തുടർ പ്രവർത്തനങ്ങളും ഓർമ്മപ്പെടുത്തി.

❤എന്താണ് ദിവാകരൻ നളിനിയോട് പറയുന്നത് ? എന്ന അന്വേഷണത്തോടെ, പാഠഭാഗത്തെ ഏഴാമത്തെ ശ്ലോകം ചൊല്ലി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[പാരവും പരിചയം .............
ഭവനവും വരുന്നയേ ]

■അല്ലയോ സഖീ , ഏറ്റവും പരിചയം കലർന്ന ഈ പേരും മനോഹരമായ ഈ ശബ്ദവും നീയും നിന്റെ ദൂരെയുള്ള വീടും ഇപ്പോൾ കാര്യമായി എന്റെ ഓർമ്മയിലേക്ക് വരുന്നു.

ശബ്ദത്തിലൂടെയാണ് ദിവാകരൻ നളിനിയെ തിരിച്ചറിയുന്നത്.
ഇങ്ങനെയൊരു സ്ഥലത്ത് നളിനിയെ കണ്ടുമുട്ടുമെന്ന് ദിവാകരൻ ഒരിക്കലും പ്രതീക്ഷിക്കുന്നുമില്ല.

ഇത്തരമൊരു തിരിച്ചറിയലിന് ഉദാഹരണമായി 'വിശ്വരൂപം' എന്ന കഥയിൽ  മിസ്സിസ് തലത്തും  സുധീറും തമ്മിലുള്ള ഉള്ള കണ്ടുമുട്ടൽ രംഗത്തെ ഓർമ്മിപ്പിച്ചു.

❤പാഠഭാഗത്തെ എട്ടാമത്തെ ശ്ലോകം ചൊല്ലി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[കണ്ടുടൻ സ്വയമറിഞ്ഞിടാത്ത തോർത്തി – ....................
സപദി വല്ലിയായി നീ]

■സഖീ , കണ്ടയുടനെ നിന്നെ തിരിച്ചറിയാത്തതിൽ നീ ദുഃഖിക്കേണ്ടതില്ല. കരയാതെ എന്റെ വാക്കുകൾ കേൾക്കു. പണ്ട് കാണുമ്പോൾ ഒരു ഇളംകുരുന്നായിരുന്നു നീ. ഇപ്പോൾ വളർന്നൊരു വള്ളിയായി മാറിയിരിക്കുന്നു.
നിനക്ക് സംഭവിച്ച രൂപമാറ്റം കൊണ്ടാണ് എനിക്ക് തിരിച്ചറിയാൻ പറ്റാതായത്.

സഖീ - എന്ന സംബോധനയിൽ സൗഹൃദത്തിന്റെ കരുതലും തണലും  നമുക്ക് തിരിച്ചറിയാം.

'സാന്ദ്ര സൗഹൃദം' എന്ന പാഠഭാഗത്തെ

സാന്ദ്ര സൗഹൃദ സംബന്ധം നമ്മിലുണ്ടായതും സഖേ

എന്ന വരികൾ അനുബന്ധമായി ഓർമ്മിപ്പിച്ചു.

❤പാഠഭാഗത്തെ ഒൻപതാമത്തെ ശ്ലോകം ചൊല്ലി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
....................
അന്നുമിന്നുമൊരുപോലെ വത്സലേ ]

■എന്നിൽ നിന്നും ചെറിയ ഒരു അപ്രിയം ഉണ്ടായാൽ കരയുന്ന തരക്കാരിയായിരുന്നു നീ . പ്രണയ സഹജമായ ആ  ചാപല്യത്തെ അന്നും ഇന്നും ഒരുപോലെ നിന്നിൽ ഞാൻ കാണുന്നു.

വത്സലേ എന്ന വിളിയിൽ കരുണയുടെയും വാത്സല്യത്തിന്റെയും പുത്രനിർവിശേഷമായ ഭാവം കാണാം.

നളിനിയെ ഒട്ടും സങ്കടപ്പെടുത്താത്ത വാക്കുകളിലൂടെയാണ് ദിവാകരൻ സംസാരിക്കുന്നത്.

❤പാഠഭാഗത്തെ പത്താമത്തെ ശ്ലോകം ചൊല്ലി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്തു.

[ പോയതൊക്കെയഥവാ നമുക്കയേ ....................
വാണിടുന്നു നീ ]

■അല്ലയോ , അതൊക്കെ പോയി . ഇപ്പോൾ നമ്മുടെ പ്രായവും കാര്യവും മാറി.  അറിവ് വർദ്ധിച്ച് പക്വത കൈവരിച്ചു . അതൊക്കെ പോട്ടെ, എന്തിനാണ് നീ ഇവിടേയ്ക്ക് വന്നത്.

ആയതത്വം - പക്വത

കാര്യം മാറി - ജീവിതാവസ്ഥകളും ചിന്തകളും മാറി.

❤പാഠഭാഗത്തെ പതിനൊന്നാമത്തെ ശ്ലോകം ചൊല്ലി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യു.

[ ഒഴുകിന്നഥവാ വൃഥാ ശുഭേ
.................................
യേതുമാർഗമിയലാ ശരീരികൾ ]

■അല്ലയോ മംഗളശീലേ, എന്തിനാണ് നീ ഈ വനാന്തരത്തിൽ എത്തിയതെന്ന് പറയുക.
(യോഗിയായ തനിക്കത് അറിയേണ്ട കാര്യമില്ല , എങ്കിലും )
ഏതോ ലക്ഷ്യത്തിനുവേണ്ടിയാകും നീ ഇവിടേയ്ക്ക് വന്നത്.
മനുഷ്യൻ തന്റെ കർമ്മഫലം കാരണം ഓരോ വഴികളിലൂടെ സഞ്ചരിക്കുന്നവനാണ് .
അല്ലാത്തവർ ആരും ഇല്ലല്ലോ.

താനും അപ്രകാരം സഞ്ചരിക്കുന്നവനാണ് എന്ന സൂചന കൂടി ദിവാകരന്റെ വാക്കുകളിൽ ഉണ്ട്.

❤പാഠഭാഗത്തെ പന്ത്രണ്ടാമത്തെയും അവസാനത്തേതുമായ ശ്ലോകം ചൊല്ലി അവതരിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യു.

[ പിന്നെയൊന്നുപകാരമേതി നോ ................
ധന്യമാക്കുമമലേ വിവേകികൾ ]

■മറ്റൊരു കാര്യം കൂടി പറയാം. ഏതോ ഒരുപകാരം എന്നിൽ നിന്നും നീ പ്രതീക്ഷിക്കുന്നുണ്ടോ ?
അത് എന്താണെന്ന് പറയുക. വിവേകികൾ സ്വന്തം ജീവിതം കൊണ്ട്  മറ്റുള്ളവരുടെ ജീവിതങ്ങളെ സഹായിച്ചാണ് കൃതാർത്ഥത നേടുന്നത്.

അന്യർക്ക വേണ്ടി ജീവിതം നൽകുന്നവരാണ് വിവേകികളായ മനുഷ്യർ.

❤നളിനിക്ക് പിന്നീട് എന്താണ് സംഭവിച്ചത് എന്ന്  വിശദീകരിച്ച

നളിനി തന്റെ ജീവിതകഥ ദിവാകരനോട് പറഞ്ഞു. ദിവാകരൻ അത് കൗതുകത്തോടെ കേട്ടു. ദിവാകരൻ യാത്രപറഞ്ഞ് പോകാനൊരുങ്ങിയപ്പോൾ തന്റെ ശിഷ്ടകാലജീവിതം ഒരാശ്രിതയായെങ്കിലും  ദിവാകരനൊപ്പം ജീവിച്ച തീർക്കണമെന്നാണ് താൻ ആഗ്രഹിക്കുന്നതെന്ന്  നളിനി ദിവാകരനെ അറിയിച്ചു. യഥാർത്ഥ സ്നേഹം വ്യക്തിയിലൂന്നിയതല്ലെന്നും  മാനവികതയിലൂന്നിയതാണെന്നും  പറഞ്ഞ് അവിടെ നിന്നും തിരിച്ച പോകാനൊരുങ്ങിയ ദിവാകരന്റെ കൈകളിലേക്ക് ബോധരഹിതയായ് വീണ് നളിനി മരണത്തെ വരിച്ചു. യഥോചിതം നളിനിയെ സംസ്കരിച്ച ശേഷം ദിവാകരൻ തന്റെ യാത്ര തുടർന്നു.

❤ 'പ്രിയദർശനം' എന്ന തലവാചകം പാഠഭാഗത്തിന് എത്രത്തോളം യോജിക്കുന്നുണ്ട് എന്ന് വ്യക്തമാക്കി.

■നളിനിയുടെ ജീവിതാഭിലാഷം, മരണത്തിനു മുമ്പ് ഒരിക്കലെങ്കിലും ദിവാകരനെ കണ്ടുമുട്ടുക എന്നതായിരുന്നു.
ആ അഭിലാഷം പൂർത്തിയായി.
അതുകൊണ്ട് തന്നെ, നളിനിയുടെയും ദിവാകരന്റെയും കണ്ടുമുട്ടൽ 'പ്രിയദർശനം' തന്നെയാകുന്നു.

■വ്യക്തി സ്നേഹത്തേക്കാൾ മഹത്തരമാണ് മാനവ സ്നേഹം എന്ന മനോഹരമായൊരു ദർശനവും  ആശാൻ നളിനിയിലൂടെ വ്യക്തമാക്കുന്നു.

■കാപട്യങ്ങൾ ഇല്ലാത്തതും ഉപാധികൾ ഇല്ലാത്തതുമായ സ്നേഹമാണ് ലോകത്തെ നയിക്കുന്നത് എന്നും 'നളിനി' നമ്മോട് പറയുന്നു.

തുടർപ്രവർത്തനങ്ങൾ

1.അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ .

കവിതാഭാഗത്തിന്റെ ആശയം വിശദമാക്കി കുറിപ്പ് തയ്യാറാക്കുക.

2. പോയതൊക്കെയഥവാ നമുക്കയേ
പ്രായവും സപദി മാറി കാര്യവും .
ആയതത്വമറിവിന്നുമാർന്നു

ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക?

തയ്യാറാക്കിയത്:
നവാസ് മന്നൻ
GHSS ശ്രീകണ്ഠപുരം